3. Housing Scheme : Rs. 1,07,227-10-2.

(*b*) 1. No houses built under Colonisation Scheme.

2. 108 houses were built under Housing Scheme.

3. 81 houses were built under Settlement Scheme.

(*c*) No contribution has been received from the Central Government for Colonisation, Settlement and Housing Schemes.

നേഴ്സുമാരുടെ നിയമനം.

445. [18] ശ്രീ. കെ. ടി. തോമസ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ നഴ്സുമാരുടെ നിയമനാധികാരം ആർക്കാണ് ;

(ബി) ഇതു സംബന്ധിച്ച് സർജൻ ജനറൽ എന്തെങ്കിലും അഭിപ്രായവാദം പുറപ്പെടുവിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.)

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്ന ആളുകളെ സർജൻ ജനറൽ നിയമിക്കും.

(ബി) ഇല്ല.

മണ്ണൊലിപ്പ് നിവാരണപദ്ധതി.

446. [20] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ആരംഭിച്ചിട്ടുള്ള മണ്ണൊലിപ്പു നിവാരണപദ്ധതി വിജയകരമാണോ, ഫലപ്രദമാണോ എന്ന് ഇതുവരെയുള്ള അതിന്റെ പ്രവർത്തനംകൊണ്ട് ഗവണ്മെൻറ് പരിശോധിച്ചു നോക്കിയിട്ടുണ്ടോ ;

(ബി) പരിശോധിച്ചുനോക്കിയിട്ടുണ്ടെങ്കിൽ ഫലം എന്ത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ട്.

(ബി) മണ്ണു സംരക്ഷണപദ്ധതി വിജയപ്രദവും, ഫലപ്രദവുമാണെന്ന് ഗവണ്മെൻറിനു ബോദ്ധ്യം വന്നിട്ടുണ്ട്.

കോഴിവളർത്തൽ.

447. [21] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1951–52–ലെ കാനേഷുമാരി കണക്കനുസരിച്ച് തിരുവിതാംകൂർ–കൊച്ചിയിൽ എത്ര കോഴികൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു വർഷം ശരാശരി എത്ര ലക്ഷം രൂപയ്ക്കുള്ള മുട്ട കൾ ഈ സംസ്ഥാനത്തു് ഉൽപ്പാദിപ്പിക്കുന്നു;

(സി) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മുട്ട തിരുവിതാംകൂർ–കൊച്ചിക്കു് വെളിയിലേയ്ക്കു് കയറ്റി അയയ്ക്കുന്നുണ്ടോ;

(ഡി) കോഴിമുട്ട ഉൽപ്പാദിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 24,91,412.

(ബി) ശരാശരി 56 ലക്ഷം രൂപയ്ക്കുള്ള മുട്ടകൾ.

(സി) ഉണ്ടു്. സിലോൺ, ബോംബെ, ഡൽഹി എന്നീ സ്ഥലങ്ങളിലേക്കു് കയറ്റി അയയ്ക്കുന്നുണ്ടു്.

(ഡി) ഉണ്ടു്. മല്ലുക്കരയിലും, കൊടുപ്പുന്നയിലും ഓരോ കോഴിവളർത്തൽ കേന്ദ്രങ്ങൾ ശാസ്ത്രീയമായ രീതിയിൽ നടത്തിവരുന്നുണ്ടു്. കൂടാതെ എറണാകുളം, കോട്ടയം, കൊല്ലം, നാഗർകോവിൽ ഈ സ്ഥലങ്ങളിലുള്ള മൃഗാശുപത്രികളിൽ ഓരോ ചെറിയ പദ്ധതി യുണ്ടു്. പ്രവർത്തിക്കുന്നുണ്ടു്.

ഭവനനിർമ്മാണ സഹകരണസംഘങ്ങൾ.

448. [22] ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ആകെ എത്ര ഭവനനിർമ്മാണ സഹകരണ സംഘങ്ങളുണ്ടു്; എവിടെയൊക്കെ; അവ ഓരോന്നിനും എന്തു തുകവീതം വായ്പ നൽകി; എത്ര ഭവനങ്ങളാണു് ഓരോ സൊസൈറ്റിയും നിർമ്മിച്ചതു്; ഓരോ ഭവനത്തിനും ഉടമസ്ഥൻ വിലകൊടുത്തുതീർക്കേണ്ടതു് എത്ര വ്യവസ്ഥയിലാണു്; വില അടച്ചുതീർക്കുന്ന വിഷയത്തിൽ ഉടമസ്ഥൻ വീഴ്ചവരുത്തിയാൽ അയാളെ വീട്ടിൽനിന്നു പുറത്താക്കുമോ; അയാളുടെ സ്വന്തം സ്ഥലത്തു് തന്നെയാണു് ഭവനം നിർമ്മിച്ചിട്ടുള്ളതെങ്കിലും പുറത്താക്കുമോ;

(ബി) പണയപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വീടുകൾക്കു് അനുവദിച്ചിട്ടുള്ള തുകയുടെ വെറും 50 ശതമാനംപോലും ചെലവാക്കിയിട്ടില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഒൻപതു്.

†പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ടു്.

വായ്പ കൊടുത്തുതുടങ്ങിയിട്ടില്ല. അതിനാൽ മറ്റു ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ബി) അപ്രകാരം പരാതി ഉണ്ടായിട്ടില്ല.

† Plese see Appendix. XI.

LIBRARY ARCHIVES Kerala Legislative Assembly